# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3612 15.07.2015 - ൽ മറുപടിക്ക്

## അരുവിക്കരയിലെ കുടിവെള്ള ബോട്ടലിംഗ് പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി.കെ.കെ.ലതിക | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള കുപ്പിവെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ മുൻസർക്കാർ പ്രഖ്യാപിച്ച അരുവിക്കരയിലെ കുടിവെള്ള ബോട്ടിലിംഗ് പ്ലാന്റിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ 7200 എൽ.പി.എച്ച്. കുപ്പിവെള്ള പദ്ധതിയ്ക്കായി സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് ആന്റ് മെഷീനറി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചു. ഇവയിൽ പ്ലാന്റ് ആന്റ് മെഷിനറിയുടെയും, ഇലക്ട്രിക്കൽ വർക്സിന്റെയും ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. സിവിൽ വർക്സിന്റെ റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതി ഉപേക്ഷിച്ചോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ഒരു വർഷം ഉദ്ദേശം 1000 കോടി രൂപയുടെ വിപണനം നടക്കുന്ന കുപ്പിവെള്ള മേഖലയിൽ സ്വകാര്യ ബോട്ടലിംഗ് പ്ലാന്റുകളുടെ സമ്മർദ്ദത്തിനു വഴങ്ങാതെ കുടിവെള്ള ബോട്ടലിംഗ് പ്ലാന്റുകൾ ആരംഭിച്ച് ജനതാൽപര്യം സംരക്ഷിക്കാൻ നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വ്യക്തമാക്കുമോ ? | (സി) | നടപടി സ്വീകരിക്കും. ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള കുപ്പിവെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോട് കൂടി കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ 7200എൽ.പി.എച്ച്. കുപ്പിവെള്ള പദ്ധതിയ്ക്കായി സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് ആന്റ് മെഷീനറി എന്നീ മൂന്ന് വിഭാഗമായി തിരിച്ച്, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പമെന്റ് കോർപ്പറേഷന്റെ (കെ. ഐ.ഐ.ഡി.സി.) ഡാറ്റാ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ |

ക്ഷണിച്ചു. ഇവയിൽ പ്ലാന്റ് ആന്റ് മെഷീനറിയുടെയും, ഇലക്ട്രിക്കൽ വർക്സിന്റെയും ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. സിവിൽ വർക്സിന്റെ റീ ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിൽ കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പമെന്റ് കോർപ്പറേഷന്റെ (കെ. ഐ.ഐ.ഡി.സി.) കീഴിൽ ഹില്ലി അക്വ എന്ന കുടിവെള്ള ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞു. ഈ പ്ലാന്റുവഴി ഉത്പാദിപ്പിക്കുന്ന കുപ്പിവെള്ളം മിതമായ വിലയ്ക്ക് പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തി സംസ്ഥാനത്ത് ഇപ്പോൾ വിതരണം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ